LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എറണാകുളം ജില്ലയിലെ കടയിരുപ്പ് സർക്കാർ ആശുപത്രിയിൽ 50 കിടക്കകളാണ് കിടത്തി ചികിത്സയ്ക്കായി അനുവദിച്ചിട്ടുള്ളത്. പ്രതിവർഷം ഏകദേശം 4500 പേർ ഒ.പി. വിഭാഗത്തിലും 600 പേർ ഐ.പി. വിഭാഗത്തിലും ചികിത്സയ്ക്കായി വരുന്നുണ്ട്.

(ബി) ഈ ആശുപത്രിയിൽ രണ്ട് അസിസ്റ്റന്റ് സർജന്റെ തസ്തികകൾ ഉണ്ട്. ഇതിൽ ഒരു ലേഡി ഡോക്ടർ ജോലി ചെയ്യുന്നു. ഒരെണ്ണം ഒഴിഞ്ഞുകിടക്കുന്നു. ലഭ്യതയനുസരിച്ച് ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. സ്പെഷ്യലിസ്റ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ടി ആശുപത്രിയുടെ പുനരുദ്ധാരണം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല. ഹെൽത്ത് സിസ്റ്റം പ്രോജക്ട് അനുവദിച്ചു കിട്ടുകയാണെങ്കിൽ അതിൽ ഉൾക്കൊള്ളിക്കുവാൻ ശ്രമിക്കുന്നതാണ്. എന്നാൽ ഹെൽത്ത് സിസ്റ്റം പ്രോജക്ടിനുള്ള അംഗീകാരം ഇതുവരെയും ലഭിച്ചിട്ടില്ല.

(ഇ) ഇക്കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് പരിശോധിക്കുന്നതാണ്.

വാഴക്കുളം പ്രൈമറി ഹെൽത്ത് സെന്റർ

137 [2629] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വാഴക്കുളം പി.എച്ച്.സി.-യിൽ ഇപ്പോൾ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ട് എന്ന് വിശദമാക്കാമോ;

(ബി) എന്നു മുതലാണ് ഇവിടെ രോഗികളെ കിടത്തി ചികിത്സ ആരംഭിച്ചതെന്നും അന്നുമുതൽ എത്രപേരെ വീതം പ്രതിവർഷം കിടത്തി ചികിൽസിക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) എത്രപേർ വീതം പി.എച്ച്.സി.-യിൽ പ്രതിവർഷം ഔട്ട് പേഷ്യന്റായി ചികിൽസ നടത്തിപ്പോകുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പി.എച്ച്.സി.-യിൽ എത്ര ഡോക്ടർമാരും മറ്റ് തസ്തികകളിൽ എത്രപേർ വീതവും ആകെ എത്രപേർ സേവനം അനുഷ്ഠിക്കുന്നുണ്ട് എന്നും പി.എച്ച്.സി.-യിൽ പരിശോധനയും ചികിൽസയും എന്തെല്ലാം സാധന സാമഗ്രികളും സൗകര്യങ്ങളും ഉണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) ഇവിടെയുള്ള സാധന സാമഗ്രികൾ കേടായി പോകുകയും എൻ.ആർ.ഇ.പി. സ്കീമിൽ നിർമ്മിച്ചതും കഴിഞ്ഞവർഷം വാഴക്കുളം പഞ്ചായത്ത് അറ്റകുറ്റപണികൾ തീർത്ത് കൊടുത്തിട്ടുള്ളതും എം.പി. ഫണ്ടിൽ നിർമ്മിച്ചു കൊടുത്തതുമായ ഓപ്പറേഷൻ തീയറ്ററും ലേബർ റൂമും ഉണ്ടായിട്ടും രോഗികളെ കിടത്തി ചികിത്സിക്കാതെയും ആവശ്യമായ എക്യൂപ്മെന്റ്സ് കൊടുക്കാതെ രണ്ടു വർഷമായി പ്രവർത്തിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡി.എം.ഒ., ആലുവ ഗവൺമെന്റ് ആശുപത്രിയിലേക്ക് തൽക്കാലത്തേക്ക് എടുത്തുകൊണ്ടു പോയ കട്ടിലും കിടക്കകളും ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ പി.എച്ച്.സി.-ക്ക് തിരിച്ച് നൽകിയിട്ടില്ല എന്നതും ഡ്രിപ്പ് കൊടുക്കാനുള്ള സ്റ്റാന്റോ രോഗിയെ കിടത്തി തള്ളിക്കൊണ്ട് പോകുന്ന ട്രോളിയോ വീൽ ചെയറോ ഒന്നും പി.എച്ച്.സി.-യിൽ ഇല്ലാത്തതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ പി.എച്ച്.സി.-യിൽ 3 വർഷം തികഞ്ഞ ഡോക്ടർമാരെ മാറ്റി ഒരു ഗൈനക്കോളജിസ്റ്റ് ലേഡിഡോക്ടർ, ഒരു മെയിൽ ഡോക്ടർ എന്നിവരെയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) ഈ പി.എച്ച്.സി.-ക്ക് ഒരു ഡോക്ടേഴ്സ് കോട്ടേജും ഒരു സ്റ്റാഫ് കോട്ടേജും ഒരു വാർഡും പണിയുന്നതിനുവേണ്ടി തയ്യാറാക്കി പി.എച്ച്.സി.-യിൽ കൊടുത്ത എസ്റ്റിമേറ്റ് പ്രോജക്ട് റിപ്പോർട്ടിൻമേലുള്ള നടപടികളെക്കുറിച്ചുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) ഒ. പി. സൗകര്യവും 15 കിടക്കകളോടെ ഐ.പി. സൗകര്യവും ഉണ്ട്.

(ബി) 1990 മുതൽ രോഗികളെ കിടത്തി ചികിത്സിക്കുന്നു. പ്രതിവർഷം 300 രോഗികളെയാണ് കിടത്തി ചികിത്സിക്കുന്നത്.

(സി) 1550 പേർ.

(ഡി) ഈ പി.എച്ച്.സി.-യിൽ രണ്ടു ഡോക്ടർമാരും മറ്റു തസ്തികകളിൽ 9 പേരുമായി ആകെ 11 തസ്തികയുള്ളതിൽ ഡോക്ടർ, അറ്റൻഡർ, പി.റ്റി.സി. എന്നിവയിൽ ഓരോ ഒഴിവുണ്ട്. ഒ.പി.-യിൽ പരിശോധനയ്ക്കുള്ള സൗകര്യം ഉണ്ട്.

(ഇ) എൻ.ആർ.ഇ.പി. സ്കീമിൽ നിർമ്മിച്ച കെട്ടിടം പഞ്ചായത്ത് അധികൃതർ അറ്റകുറ്റപ്പണികൾ ചെയ്ത്തീർത്ത് ഇപ്പോൾ പ്രവർത്തനക്ഷമമാണ്. എം.പി. ഫണ്ടിൽനിന്നും നിർമ്മിച്ച ഓപ്പറേഷൻ തീയറ്ററിന്റെയും ലേബർ റൂമിന്റെയും കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. വിദ്യുച്ഛക്തി സംവിധാനം ഉൾപ്പെടെയുള്ള മറ്റു ഭൗതിക സൗകര്യങ്ങളും ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് പ്രവർത്തനക്ഷമമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇക്കാര്യം സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് പരിശോധിക്കുന്നതാണ്.

(ജി) ആരോഗ്യ മേഖലയ്ക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ട തുകയുടെ പരിധി കഴിഞ്ഞതിനാൽ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതിന് ഉദ്ദേശിക്കുന്നു.

തൃശ്ശൂർ ജില്ലയിൽ മലമ്പനി-മലേറിയ രോഗം വർദ്ധിക്കുന്ന സാഹചര്യം

138 [2630] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മലമ്പനി-മലേറിയ രോഗം വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2004 ജനുവരി മുതൽ ഇതുവരെയായി ഇതുസംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) അമ്പതോളം കേസുകൾ പരിശോധിച്ചതിൽ ഒരാൾക്കുമാത്രമാണ് രോഗ ബാധയുള്ളതെന്നുള്ള റിപ്പോർട്ടിന് ആധാരമായിട്ടുള്ള കാര്യങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) കോർപ്പറേഷൻ പ്രദേശങ്ങളിൽ ഇതിന്റെ പരിശോധന നടത്തുന്നതും ഫീൽഡ് വർക്ക് ചെയ്യുന്നതും ആരോഗ്യ വകുപ്പിന്റെ ജീവനക്കാരാണോയെന്ന് വ്യക്തമാക്കുമോ;

(ഇ) തൃശ്ശൂർ കോർപ്പറേഷൻ പ്രദേശത്ത് മലേറിയ സംബന്ധിച്ച പരിശോധനയും അന്വേഷണവും നടത്തുന്നത് ആരോഗ്യവകുപ്പാണോ എന്ന് വ്യക്തമാക്കാമോ;

(എഫ്) തൃശ്ശൂർ ജില്ലയിൽ ആരോഗ്യവകുപ്പിൽ ഈ ജോലികൾ നിർവ്വഹിക്കുന്ന ജീവനക്കാരുടെ തസ്തികകൾ എത്രയാണ്;

(ജി) ഇതിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 113 കേസുകൾ.

(സി) അത്തരത്തിൽ ഒരു റിപ്പോർട്ട് കിട്ടിയിട്ടില്ല.

(ഡി ആന്റ് ഇ) ആരോഗ്യവകുപ്പിന്റെയും കോർപ്പറേഷന്റെയും ജീവനക്കാർ സംയുക്തമായിട്ടാണ് ഫീൽഡ് വർക്കും പരിശോധനയും ചെയ്യുന്നത്.

(എഫ്) 11 തസ്തികകളിലായി 372 പേർ.

LIBRARY ARCHIVES Kerala Legislative Assembly